# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1248**.

**06-03-2018 ൽ മറുപടിയ്ക്ക്**

## നെല്ല് സംഭരണവിലയായി കർഷകർക്ക് വിതരണം ചെയ്യ തുക

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ല് സംഭരണത്തിനായി 2016-17 ബജറ്റിൽ എത്ര തുക വകയിരുത്തുകയുണ്ടായി; | (എ) | നെല്ല് സംഭരണത്തിനായി 2016-17 ബജറ്റിൽ 600 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തുകയുണ്ടായി; |
| (ബി) | കർഷകർക്ക് നെല്ല് സംഭരണത്തിന്റെ തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | നെല്ല് സംഭരണത്തിന്റെ തുക ഒരാഴ്ചക്കകം കർഷകർക്ക് ലഭ്യമാക്കുന്നതിന് കാർഷിക സഹകരണ ബാങ്കുകളുമായി ബന്ധപ്പെടുത്തി കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തണമെന്ന 2016-17 ബജറ്റിലെ പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | നെല്ല് സംഭരണത്തിന്റെ തുക ഒരാഴ്ചക്കകം കർഷകർക്ക് ലഭ്യമാക്കുമെന്ന 2016-17 ബജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ സംഭരണവില, പി.ആർ.എസ്. ലോൺ മുഖേന, സംഭരണം കഴിഞ്ഞ് ഉടൻതന്നെ കർഷകർക്ക് വിതരണം ചെയ്യുവരുന്നു. ഇതിനായി കേരളത്തിൽ പ്രവർത്തിക്കുന്ന 15 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. |
| (ഡി) | നെല്ല് സംഭരണത്തിനായി 2017-18 ബജറ്റിൽ എത്ര തുക വകയിരുത്തുകയുണ്ടായി; | (ഡി) | നെല്ല് സംഭരണത്തിനായി 2017-18 ബജറ്റ് പ്രകാരം 400 കോടി രൂപയും, ഉപധനാഭ്യർത്ഥന പ്രകാരം 125 കോടി രൂപയും ഉൾപ്പെടെ ആകെ 525 കോടി രൂപ നെല്ല് സംഭരണത്തിനായി 2017-18 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | ഇതിനോടകം എത്ര തുക നെല്ല് സംഭരണവിലയായി നടപ്പ് സാമ്പത്തിക വർഷം കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കാമോ? | (ഇ) | നെല്ല് സംഭരണവിലയായി നടപ്പ് സാമ്പത്തികവർഷം 28/02/2018 വരെ 825.26 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ